"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ. നരേന്ദ്രനാഥ് പി.എം. ഫയൽ ചെയ്ത OA(EKM) 1299/2019 കേസിന്റെ 16.08.2019-ലെ ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2177/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 03.10.2019.**

---

പരാമർശം: 1) ഗ്രാമവികസന കമ്മീഷണറുടെ 23.02.2019-ലെ 1376/എസ്റ്റാ.ബി3/2019/സിആർഡി നമ്പർ സർക്കുലർ

2) ഗ്രാമവികസന കമ്മീഷണറുടെ 30.07.2019-ലെ 1376/എസ്റ്റാ.ബി3/2019/സിആർഡി നമ്പർ നടപടിക്രമം.

3) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 1299/2019-ന്മേലുള്ള 01.08.2019-ലെ ഇടക്കാല ഉത്തരവ്.

4) 13.08.2019-ലെ ശ്രീ. നരേന്ദ്രനാഥ് പി.എം. സമർപ്പിച്ച അപ്പീൽ അപേക്ഷ. (Annexure MA1)

5) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 1299/2019-ന്മേലുള്ള 16.08.2019-ലെ അന്തിമ ഉത്തരവ്.

6) ഗ്രാമവികസന കമ്മീഷണറുടെ 07.09.2019-ലെ 12408/എസ്റ്റാ.ബി3/2019/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീ. നരേന്ദ്രനാഥ് പി.എം., ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ആർ.എച്ച്)-നെ ഒല്ലൂക്കര ബ്ലോക്കിൽ ജോലിചെയ്തുവരവെ പരാമർശം (2) പ്രകാരം മലപ്പുറം ജില്ലയിലെ അരീക്കോട് ബ്ലോക്കിലേക്ക് സ്ഥലം മാറ്റം നൽകി ഉത്തരവായിരുന്നു. പ്രസ്തുത നടപടിക്രമം റദ്ദാക്കി ഒല്ലൂക്കര ബ്ലോക്കിൽ തുടരാൻ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA(EKM) 1299/2019 ഫയൽ ചെയ്യുകയും പരാമർശം (3)-ലെ ഇടക്കാല ഉത്തരവിൽ ശ്രീ. നരേന്ദ്രനാഥ് പി.എം.-ന്റെ സ്ഥലംമാറ്റത്തിന് സ്റ്റേ നൽകുകയും ചെയ്തു. ഇതേ ആവശ്യം ഉന്നയിച്ച് ശ്രീ. നരേന്ദ്രനാഥ് പി.എം., പരാമർശം (4) പ്രകാരം സർക്കാരിൽ അപ്പീൽ (Annexure MA1) സമർപ്പിക്കുകയുണ്ടായി. Annexure MA1 അപ്പീൽ അപേക്ഷ പരിഗണിച്ച് ആറ് ആഴ്ചയ്ക്കകം ഉത്തരവ് പുറപ്പെടുവിക്കാൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയും അതുവരെ സ്റ്റേ തുടരുവാനും പരാമർശം (5) പ്രകാരം ബഹു.കോടതി അന്തിമ ഉത്തരവായിരുന്നു.

2) 2019-ലെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഗ്രാമവികസന വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിക്കുകയും 15.07.2019-ലെ ഗ്രാമവികസന കമ്മീഷണറുടെ നടപടിക്രമം പ്രകാരം ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിൽ അന്തിമ സാധ്യത പട്ടിക പ്രസിദ്ധീകരിച്ചിരുന്നുവെന്നും ടി സാധ്യത പട്ടിക പ്രകാരം ഒല്ലൂക്കര ബ്ലോക്കിലേയ്ക്ക് 5 പേർ സ്ഥലം മാറ്റം ആവശ്യപെട്ടിരുന്നുവെന്നും ആയതിൽ വിരമിക്കാൻ 9

മാസംമാത്രം ഉള്ള വനിതാ ജീവനക്കാരിയെന്ന പരിഗണനയിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം അരീക്കോട് ബ്ലോക്കിലെ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ആർ.എച്ച്.) ആയ ശ്രീമതി എം.എം. ജാൻസിയ്ക്ക് സ്ഥലംമാറ്റം നൽകി ഒല്ലൂക്കര ബ്ലോക്കിൽ നിയമിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ടെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീ.നരേന്ദ്രനാഥ് പി.എം. ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ആർ.എച്ച്.) ആയി ഒല്ലൂക്കര ബ്ലോക്കിൽ പ്രവേശിച്ചത് 02.03.2016-ലാണെന്നും ടി സ്റ്റേഷനിൽ ടിയാൻ മൂന്നു വർഷം പൂർത്തിയായതിനാലാണ് പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം സ്ഥലംമാറ്റം നൽകിയതെന്നും അപേക്ഷകൻ ആവശ്യപ്പെട്ടിരുന്ന കൊടകര, ചാലക്കുടി ബ്ലോക്കുകളിൽ ഒഴിവ് ഇല്ലാതിരുന്നതിനാലും ചേർപ്പ് സ്റ്റേഷനിലേയ്ക്ക് 4 പേർ സ്ഥലം മാറ്റം ആവശ്യപെട്ടിരുന്നതിനാൽ ഏറ്റവും അർഹനായ വ്യക്തിയ്ക്ക് ടി സ്റ്റേഷനിലേയ്ക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ടെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. നിലവിലുള്ള പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് ശ്രീ.നരേന്ദ്രനാഥിനെ സ്ഥലംമാറ്റിയിട്ടുള്ളതെന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. നരേന്ദ്രനാഥ് പി.എം.-ന്റെ അപ്പീൽ അപേക്ഷ (Annexure MA1) പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു. OA(EKM)1299/2019-ലെ 16.08.2019 തീയതിയിലെ അന്തിമ ഉത്തരവ് ഇത്തരത്തിൽ നടപ്പിലാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ആർ.എസ്. കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

ശ്രീ. നരേന്ദ്രനാഥ് പി.എം., ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ആർ.എച്ച്), ഒല്ലൂക്കര ബ്ലോക്ക്, തൃശ്ശൂർ.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ